**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1959** **11-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് നൽകുന്ന വില ലിറ്ററിന് എത്രയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന്, കൊഴുപ്പിന്റേയും കൊഴുപ്പിതര പദാർത്ഥങ്ങളുടേയും അടിസ്ഥാനത്തിൽ മിൽമ തയ്യാറാക്കിയിരിക്കുന്ന പാൽ വില ചാർട്ട് അനുസരിച്ചാണ് വില നിർണ്ണയിക്കുന്നത്. നിലവിൽ 3.2% കൊഴുപ്പും, 8.3% കൊഴുപ്പിതര പദാർത്ഥങ്ങളും ഉള്ള പശുവിൻ പാലിന് 40.40/- രൂപയാണ് പാൽവില ചാർട്ട് അനുസരിച്ച് ലഭിക്കുന്നത്. പാലിലുള്ള കൊഴുപ്പിന്റേയും കൊഴുപ്പിതര പദാർത്ഥത്തിന്റേയും ഏറ്റകുറച്ചിലിനുസരിച്ച് പാൽവിലയ്ക്ക് വ്യത്യാസം ഉണ്ടാകുന്നതാണ്. ആയതിനാൽ ഓരോ കർഷകനും ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ലഭിക്കുന്ന വില വ്യത്യസ്തമായിരിക്കും. |
| (ബി) | ക്ഷീര കർഷകർക്ക് പാൽ വില നൽകുന്നതിൽ കുടിശ്ശികയുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ വില 10 ദിവസത്തിലൊരിക്കലാണ് നൽകി വരുന്നത്. കേരളത്തിലുടനീളമുള്ള ഓരോ ക്ഷീര സംഘത്തിലും പാൽവില കുടിശ്ശിക വ്യത്യസ്തമായിരിക്കും. ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മണലൂർ മണ്ഡലത്തിലെ താണവീഥി പാലുൽപ്പാദക സഹകരണ സംഘം വഴി സംഭരിച്ച പാൽ വില ക്ഷീര കർഷകർക്ക് നൽകുന്നതിൽ കുടിശ്ശികയായിട്ടുണ്ടോ എന്നും എത്ര രൂപ കുടിശ്ശികയുണ്ടെന്നും അറിയിക്കാമോ; | (സി) | കുടിശ്ശികയായിട്ടുണ്ട്. 1,01,338/-രൂപ (ഒരു ലക്ഷത്തി ആയിരത്തി മുന്നൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) പാൽ വില കുടിശ്ശികയുണ്ട്. |
| (ഡി) | കുടിശ്ശികയുണ്ടെങ്കിൽ അത് എത്രയുംവേഗം കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | സ്വീകരിച്ചുവരുന്നു. താണവീഥി ക്ഷീരോല്പാദക സഹകരണ സംഘത്തിലെ പുതിയ ഭരണസമിതി 07.09.2024 -നാണ് ചാർജ്ജ് എടുത്തത്. ഭരണ സമിതിയുടെ അടുത്ത യോഗത്തിൽ പാൽവില കുടിശ്ശിക കർഷകർക്ക് കൊടുത്തു തീർക്കുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം |

| | | | |
|---|---|---|---|
| | | | കൈക്കൊള്ളുന്നതാണെന്നും ഇതിനുവേണ്ടിയുള്ള ഫണ്ട് വായ്പയായി കണ്ടെത്തുമെന്നും സംഘം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ